അമൃത ഇൻസ്റ്റിറ്റ്യൂട്ട്
ഓഫ് മെഡിക്കൽ സയൻസസ്

| ഇൻസ്റ്റിറ്റ്യൂഷണൽ ട്രാൻസ്പ്ലാന്റ് കമ്മിറ്റി |



# അവയവ ദാനം

## അവയവം നൽകുന്നയാളും സ്വീകരിക്കുന്നയാളും അറിയേണ്ട കാര്യങ്ങളും പാലിക്കേണ്ട നിയമങ്ങളും

# ആമുഖം

പ്രാചീനകാലം മുതൽ അവയവങ്ങൾ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകൾ ലോകമെമ്പാടും നടത്തിയതായി ചരിത്രരേഖകൾ പറയുന്നു. എന്നാൽ അവയെല്ലാം തന്നെ പരാജയങ്ങളായിരുന്നു. മാറ്റിവയ്ക്കപ്പെട്ട അവയവത്തെ സ്വീകർത്താവിന്റെ ശരീരം തിരസ്കരിക്കുന്നതായിരുന്നു പ്രശ്നം. മനുഷ്യശരീരത്തിൽ പ്രവേശിക്കുന്ന ഏത് അന്യപദാർത്ഥത്തെയും; അത് രോഗാണുവായാലും മനുഷ്യാവയവമായാലും അതിനെതിരെ ശരീരം പ്രതികരിക്കുകയും അതിനെ നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യും. എഴുപതുകളോടെ ശരീരത്തിന്റെ പ്രതിപ്രവർത്തനത്തെ കുറയ്ക്കുന്ന സൈക്ലോസ്പോറിൻ തുടങ്ങിയ മരുന്നുകൾ കണ്ടുപിടിച്ചതോടെ അവയവമാറ്റം വിജയകരമായി നടത്താമെന്ന നിലവന്നു. ഇന്ന് ആധുനിക വൈദ്യശാസ്ത്രത്തിൽ അവയവമാറ്റ ശസ്ത്രക്രിയകളിൽ വമ്പിച്ച പുരോഗതിയാണ് കൈവന്നിരിക്കുന്നത്.

ഹൃദയം, ശ്വാസകോശങ്ങൾ. വൃക്ക, കരൾ, പാൻക്രിയാസ്, കുടൽ, തൈമസ് ഗ്രന്ഥി, അസ്ഥി, കണ്ണ് (നേത്രപടലം), തൊലി, മജ്ജ എന്നീ ഏത് അവയവങ്ങളും (മസ്തിഷ്കമൊഴികെ !) മാറ്റിവയ്ക്കാം. ജീവിച്ചിരിക്കുന്നവരിൽ നിന്നും ഒരു വൃക്ക, കരളിന്റെ ഭാഗം, മജ്ജ, ത്വക്ക് എന്നിവ മാത്രമെ ദാനം ചെയ്യുവാൻ കഴിയൂ. മസ്തിഷ്കമരണം സംഭവിച്ചവരിൽ നിന്ന് മുകളിൽ വിവരിച്ച എല്ലാ അവയവങ്ങളും ശേഖരിക്കാം. ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പുകൾ തമ്മിൽ പൊരുത്തമുണ്ടെങ്കിൽ മാത്രമെ അവയവങ്ങൾ മാറ്റി വയ്ക്കാൻ കഴിയുകയുള്ളൂ. ശസ്ത്രക്രിയക്കു മുൻപായി അതിനുവേണ്ട പരിശോധനകൾ നടത്തണം.

ഉറ്റ ബന്ധുവിന് പോലും രക്തം നൽകുവാൻ ആളുകൾക്ക് മടിയായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ ആ അവസ്ഥയ്ക്ക് വലിയ മാറ്റം വന്നിട്ടുണ്ട്. ആപൽഘട്ടങ്ങളിൽ ആവശ്യമുള്ള രക്തം നൽകുവാൻ സന്നദ്ധരായിട്ടുള്ളവരുടെ സംഘടനകൾ ഇന്ന് നിലവിലുണ്ട്. ഇതൊക്കെയാണെങ്കിലും സ്വന്തം അച്ഛനു പോലും രക്തം നൽകാൻ മടിച്ച് പണത്തിനു വേണ്ടി രക്തം വിൽക്കുന്നവരെ തേടിപ്പോകുന്നവർ വിരളമല്ല. അവയവദാനത്തിന്റെ കാര്യത്തിൽ ഈ പ്രവണത വളരെ കൂടുതലായി കണ്ടു വരുന്നു. നമ്മുടെ നാട്ടിൽ വൃക്കരോഗികളുടെയും കരൾരോഗികളുടെയും എണ്ണം വളരെ കൂടി വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. പ്രമേഹം, രക്തസമ്മർദ്ദം മുതലായ രോഗങ്ങളും മദ്യപാനം. മയക്കുമരുന്നുകളുടെ ഉപയോഗം, ജീവിതശൈലിയിലുള്ള മാറ്റങ്ങൾ, ഇവയൊക്കെയാണ് വൃക്കകളെയും കരളിനെയും നശിപ്പിക്കുന്നത്. ചെറുപ്പക്കാരിലാണ് കൂടുതലായി ഈ രോഗങ്ങൾ കണ്ടുവരുന്നത്. ഈ അവയവങ്ങൾ മാറ്റി വച്ചാൽ മാത്രമെ ജീവൻ രക്ഷിക്കുവാൻ കഴിയൂ. സാധാരണയായി രക്തബന്ധം ഉള്ളവരുടെ അവയവങ്ങളാണ് യോജിക്കുക. എന്നാൽ യോജിച്ച അവയവം ലഭിക്കാതെ വരുമ്പോൾ അവയവങ്ങൾ പണം നൽകി വാങ്ങാൻ രോഗിയും ബന്ധുക്കളും നിർബന്ധിതരാകുന്നു. അങ്ങനെ അവയവക്കച്ചവടം ക്രമേണ അധാർമ്മികവും നിയമവിരുദ്ധവുമായ മാനങ്ങളിലേക്ക് ഉയർന്നു.

ഇന്ത്യയിൽ വൃക്കവ്യാപാരം വ്യാപകമായപ്പോൾ അതിനെതിരായി രൂക്ഷമായ ജനവികാരം ഉയർന്നു വന്നു. ഗോവ, മഹാരാഷ്ട്ര, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാന സർക്കാരുകൾ വൃക്ക വ്യാപാരം തടയിടുന്നതിന് രാജ്യത്തിന് പൊതുവായ നിയമ




നിർമ്മാണം നടത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു. ഇന്ത്യൻ ഭരണഘടനയുടെ 252 ാം വകുപ്പനുസരിച്ച് പാർലമെന്റ് 1994 ൽ മനുഷ്യാവയവമാറ്റ നിയമം (Transplantation of human organs Act ) പാസ്സാക്കി. 1995 ൽ കേന്ദ്രസർക്കാർ ചട്ടങ്ങളും (TOHO Rules) ഉണ്ടാക്കി. ഈ നിയമത്തിൽ 2011-ൽ കുറെ ഭേദഗതികൾ വരുത്തി. ചട്ടങ്ങളും 2014-ൽ ഭേദഗതി ചെയ്തു. ഇവയിൽ ജീവിച്ചിരിക്കുന്നവരിൽ നിന്നും മരിച്ചവരിൽ നിന്നും അവയവങ്ങൾ നീക്കം ചെയ്യുന്നതും, സ്വീകർത്താക്കളിൽ വച്ചുപിടിപ്പിക്കുന്നതും സംബന്ധിച്ചുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഇതിലെ വ്യവസ്ഥകൾ അനുസരിച്ച് നമ്മുടെ സംസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണാധികാരികളെ (Appropriate Authority) നിയമിക്കുകയും അംഗീകാരസമിതികൾ (authorisation committee) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് സെക്രട്ടറി എന്നിവരാണ് ബന്ധപ്പെട്ട ഭരണാധികാരികൾ. ഈ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കേരള സർക്കാർ അവയവങ്ങൾ ദാനം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനതലത്തിൽ ഒരു അംഗീകാര സമിതിയും തിരുവനന്തപുരം. ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ ആസ്ഥാനമാക്കി അഞ്ച് അംഗീകാരസമിതികളും രൂപീകരിച്ചിട്ടുണ്ട്.

## ആർക്കാണ് അവയവങ്ങൾ ദാനം ചെയ്യാൻ കഴിയുന്നത്?

1. പതിനെട്ടു വയസ്സു കഴിഞ്ഞ, ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള ആർക്കും അവയവങ്ങൾ അടുത്ത ബന്ധുവിന് ചികിത്സയ്ക്കായി ദാനം ചെയ്യാം

2. അവയവമാറ്റ നിയമത്തിൽ ഭാര്യ, മകൻ, മകൾ, അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, മുത്തശ്ശൻ, മുത്തശ്ശി, ചെറുമകൻ, ചെറുമകൾ എന്നിവരെയാണ് അടുത്ത ബന്ധുക്കളായി അംഗീകരിച്ചിരിക്കുന്നത്.

3. ഒരു വ്യക്തിക്ക് സ്വന്തം അവയവം സഹജാവബോധമോ മനുഷ്യകാരുണ്യപരമോ ആയ കാരണങ്ങളാൽ അടുത്ത ബന്ധുവല്ലാത്ത ഒരാൾക്ക് ചികിത്സയ്ക്കായി ദാനം ചെയ്യാവുന്നതാണ്.

4. ഒരു വ്യക്തിക്ക് അയാൾ ജീവിച്ചിരിക്കുമ്പോൾ രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ (അതിലൊരാൾ അടുത്ത ബന്ധുവായിരിക്കണം) തന്റെ അവയവങ്ങൾ മരണശേഷം ദാനം ചെയ്യുന്നതായി ഒരു വിൽപ്പത്രം തയാറാക്കാം. അവയവ മാറ്റചട്ടങ്ങളിലെ ഏഴാം നമ്പർ ഫോറത്തിലാണ് ഈ വാഗ്ദാനം തയാറാക്കേണ്ടത് (മൂന്ന് പകർപ്പുകൾ).

## അവയവ ദാതാക്കൾ പൊതുവെ ചെയ്യേണ്ട കാര്യങ്ങൾ

1. അമൃതാ ആശുപത്രിയിലെ രജിസ്ട്രേഷൻ വിഭാഗത്തിൽ (ആദ്യത്തെ പോർട്ടിക്കോ) രജിസ്ട്രേഷനുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് നൽകുക. ദാതാവിന് എം ആർ ഡി നമ്പർ രേഖപ്പെടുത്തിയിട്ടുള്ള കാർഡ് ലഭിക്കുന്നതാണ്. അതിനു ശേഷം രോഗിയെ ചികിത്സിക്കുന്ന ഡോക്ടറെ കാണുക (ഡോക്ടർമാരുടെ പേരുവിവരം പതിനഞ്ചാം പേജിൽ ചേർത്തിട്ടുണ്ട്).



2. ഡോക്ടർ അവയവദാനത്തെക്കുറിച്ചും, അതിനു വേണ്ടി ചെയ്യേണ്ടി വരുന്ന പരിശോധനകൾ. ഓപ്പറേഷൻ, പ്രയോജനങ്ങൾ, ഭവിഷ്യത്തുകൾ എന്നിവയെക്കുറിച്ചും ദാതാവിനോട് വിശദമായി സംസാരിക്കും. ദാതാവിന്റെ സംശയങ്ങൾക്കുള്ള മറുപടിയും വിശദീകരണവും ഡോക്ടർ നൽകുന്നതാണ്.

3. അവയവദാനത്തിന് യോഗ്യതയുണ്ടോ എന്നറിയുവാനായി രക്ത ഗ്രൂപ്പ്, സി ടി സ്കാൻ മുതലായ പരിശോധനകൾ നടത്തണം. ഈ പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ അവയവ ദാനത്തിന് പ്രഥമദൃഷ്ട്യാ യോഗ്യനാണെന്ന് കണ്ടാൽ ദാതാവിനെ കാർഡിയോളജി, പൾമണോളജി, അനസ്തീസിയോളജി, ഗൈനക്കോളജി (സ്ത്രീകളാണെങ്കിൽ), സൈക്ക്യാട്രി മുതലായ വിഭാഗങ്ങളിൽ പരിശോധനകൾക്കായി അയക്കുന്നു. ഈ പരിശോധനാഫലങ്ങളും തൃപ്തികരമാണെങ്കിൽ ദാതാവ് അവയവദാനത്തിന് യോഗ്യനാണെന്നുള്ള ഒരു സർട്ടിഫിക്കറ്റ് (ഫോറം നമ്പർ 4) ഡോക്ടർ നൽകുന്നു.

4. അടുത്ത ബന്ധുക്കൾ തമ്മിലുള്ള അവയവദാനത്തിനും അവയവമാറ്റ ശസ്ത്രക്രിയക്കും ആശുപത്രിയുടെ അധിപനായ ഡോക്ടർക്ക് അംഗീകാരം നൽകാവുന്നതാണ്.

5. പ്രാദേശിക അംഗീകാര സമിതികളാണ് ബന്ധുക്കളല്ലാത്തവർ തമ്മിലുള്ള അവയവദാനത്തിന് അനുവാദം നൽകുന്നത്.

## അടുത്ത ബന്ധുവായ അവയവദാതാവ് ചെയ്യേണ്ട കാര്യങ്ങൾ

ദാതാവിന്റെ തിരിച്ചറിയലിനും അവയവം സ്വീകരിക്കുന്ന വ്യക്തിയുമായുള്ള ബന്ധം തെളിയിക്കുന്നതിനും ആവശ്യമായ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ കൂടി ദാതാവ് ഹാജരാക്കണം.

1. **ഫോറം നമ്പർ 1 :** അവയവം ദാനം ചെയ്യുവാനുള്ള സമ്മതി ദാന പത്രമാണ്. ഇതിൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും ഫോട്ടോകൾ പതിപ്പിക്കണം. ഈ ഫോട്ടോകൾ ഒരു നോട്ടറി പബ്ലിക്കിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം. നോട്ടറിയുടെ ഒപ്പും സീലും ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞിരിക്കണം. അപേക്ഷയിൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തണം

    i. റേഷൻ കാർഡ് നമ്പർ - അനുവദിച്ച തീയതിയും സ്ഥലവും

    ii. വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് - അനുവദിച്ച തീയതി, സ്ഥലം, നിയോജകമണ്ഡലം

    iii. പാസ്സ്പോർട്ട് നമ്പർ, അനുവദിച്ച രാജ്യം, തീയതി

    iv. ഡ്രൈവിംഗ് ലൈസൻസ് നമ്പർ, അനുവദിച്ച തീയതി, ലൈസൻസിംഗ് ഉദ്യോഗസ്ഥൻ

    v. ഇൻകം ടാക്സ് പെർമനന്റ് അക്കൗണ്ട് നമ്പർ (പാൻ കാർഡ്)

    vi. ആധാർ നമ്പർ

ഇവയിൽ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ പൂർണ്ണ വിവരങ്ങൾ പൂരിപ്പിക്കുകയും, സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കോപ്പികൾ ഹാജരാക്കുകയും വേണം. **ഫോറം നമ്പർ 1** നോട്ടറിയുടെ സാന്നിദ്ധ്യത്തിൽ പ്രതിജ്ഞ ചെയ്ത് ഒപ്പിടേണ്ടതാണ്. രേഖകൾ പ്രകാരം ബന്ധം തെളിയിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ഒരു അംഗീകൃത ലാബറൊട്ടറിയിൽ നിന്നും ദാതാവിന്റെയും സ്വീകർത്താവിന്റെയും ഡി എൻ എ പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ലാബറൊട്ടറിയുടെ മേധാവിയിൽ നിന്നും **ഫോറം നമ്പർ 5-ൽ** വാങ്ങേണ്ടതാണ്.

2. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്: താലൂക്കിലെ ഡി വൈ എസ് പി യിൽ നിന്നോ അല്ലെങ്കിൽ റവന്യൂ അധികാരികളിൽ നിന്നോ തിരിച്ചറിയുവാനും സ്വീകർത്താവുമായുള്ള ബന്ധുത്വം സ്ഥാപിക്കുവാനുമുള്ള സർട്ടിഫിക്കറ്റ്

3. ഫോം നമ്പർ 11 - അവയവദാനത്തിന് അനുവാദം ലഭിക്കുവാനായി ദാതാവും സ്വീകർത്താവും സംയുക്തമായി ബന്ധപ്പെട്ട അധികാരിക്ക് (അമൃത ആശുപത്രിയുടെ മെഡിക്കൽ ഡയറക്ടർ) നൽകുന്ന അപേക്ഷ യാണ്. ഈ ഫോറത്തിൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോകൾ പതിപ്പിക്കണം. ഒപ്പുകൾ ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞിരിക്കണം. ഈ ഫോറം പൂരിപ്പി ച്ചതിനു ശേഷം ദാതാവും സ്വീകർത്താവും ഒപ്പിടുകയും, തീയതിയും സ്ഥലവും രേഖപ്പെടുത്തുകയും വേണം.

4. മുൻപറഞ്ഞ രേഖകളും. ശരിയായി പൂരിപ്പിച്ച 1. 4. 11 ഫോ റങ്ങളും ബന്ധപ്പെട്ട അധികാരിക്ക് (അമൃത ആശുപത്രിയുടെ മെഡിക്കൽ ഡയറക്ടർ) ദാതാവിന്റെയും സ്വീകർത്താവിന്റെയും ഓരോ ഫോട്ടോകൾ സഹിതം സമർപ്പിക്കണം.



5. ബന്ധപ്പെട്ട അധികാരി ദാതാവും സ്വീകർത്താവും സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിക്കുകയും, അവരുമായി ഒരു കൂടിക്കാഴ്ച നടത്തുകയും ചെയ്യുന്നു. അപേക്ഷ പൂർണ്ണവും തൃപ്തികരവുമാ ണെങ്കിൽ ഫോറം നമ്പർ 19-ൽ പതിച്ചിട്ടുള്ള അവരുടെ ഫോട്ടോ കൾ സാക്ഷ്യപ്പെടുത്തുകയും അവയവദാനത്തിന് അനുവാദം നൽകു ന്നതായി രേഖപ്പെടുത്തുകയും ചെയ്യുന്നു. പൂർണ്ണവും തൃപ്തികരവു മല്ലെങ്കിൽ അപേക്ഷ പിന്നീട് പരിഗണിക്കുവാനായി മാറ്റിവയ്ക്കുകയൊ, നിരസിക്കുകയൊ ചെയ്യാം.

## ദമ്പതികൾ തമ്മിലുള്ള അവയവദാനം

1. നിയമപ്രകാരം ദമ്പതികൾ അടുത്ത ബന്ധുക്കളാണെങ്കിലും അവയ വദാനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഫോറം നമ്പർ 2-ലാ ണ്.ഈ ഫോറത്തിൽ ഭർത്താവിന്റെയും ഭാര്യയുടെയും ഫോട്ടോകൾ പതിച്ച് ഒരു നോട്ടറി പബ്ലിക്കിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം. നോട്ടറിയുടെ ഒപ്പും സീലും ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞി രിക്കണം.

ദമ്പതികളാണെന്ന് തെളിയിക്കുവാൻ താഴെ പറയുന്ന സർട്ടിഫിക്കറ്റുകളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ ഫോട്ടോകോപ്പികൾ സ്വയം സാക്ഷ്യപ്പെടു ത്തി സമർപ്പിക്കണം.

i. റേഷൻ കാർഡ് നമ്പർ - അനുവദിച്ച തീയതിയും സ്ഥലവും

ii. വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് - അനുവദിച്ച തീയതി, സ്ഥലം, നിയോജകമണ്ഡലം

iii. പാസ്സ്പോർട്ട് - നമ്പർ, അനുവദിച്ച രാജ്യം, തീയതി

iv. ഡ്രൈവിംഗ് ലൈസൻസ്-നമ്പർ, അനുവദിച്ച തീയതി, ലൈസൻസിംഗ് ഉദ്യോഗസ്ഥൻ

v. ഇൻകം ടാക്സ് പെർമനന്റ് അക്കൗണ്ട് നമ്പർ (പാൻ കാർഡ്)

vi . ആധാർ നമ്പർ

vii. തിരിച്ചറിയുവാനും, ദമ്പതികളാണെന്ന് തെളിയിക്കുവാനുള്ള മറ്റ് ഏതെങ്കിലും രേഖ.

ഇവ കൂടാതെ ദമ്പതികളാണെന്ന് തെളിയിക്കുവാൻ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ കൂടി ഹാജരാക്കണം.

i. വിവാഹ സർട്ടിഫിക്കറ്റിന്റെ നോട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ; അല്ലെങ്കിൽ

ii വിവാഹിതരാണെന്നും, ദമ്പതികളായി ജീവിക്കുന്നുവെന്നുമുള്ള നോട്ടറിയുടെയൊ, ഒന്നാം ക്ലാസ്സ് ് മജിസ്ട്രേട്ടിന്റെയൊ മുന്നിൽ സാക്ഷ്യപ്പെടുത്തിയ അടുത്ത ബന്ധുവിന്റെ സത്യവാംഗ്മൂലം

iii. വിവാഹത്തിന്റെ / കുടുംബത്തിന്റെ ഫോട്ടോകൾ

iv. വിവാഹിതരാണെന്നും, ദമ്പതികളായി ജീവിക്കുന്നുവെന്നുമുള്ള ഗ്രാമപഞ്ചായത്ത് തലവൻ, തഹസിൽദാർ, ബി ഡി ഒ, എം എൽ എ, എം പി എന്നിവരിൽ ആരുടെയെങ്കിലും കത്ത്; ഇതിൽ ദമ്പതികളുടെ ഫോട്ടോ പതിച്ച് അതിൽ ഭാഗികമായി ഒപ്പും സീലും പതിച്ച് സാക്ഷ്യപ്പെടുത്തണം. അല്ലെങ്കിൽ;

v. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്: താലൂക്കിലെ ഡി വൈ എസ്പി യിൽ നിന്നോഅല്ലെങ്കിൽ റവന്യൂ അധികാരികളിൽ നിന്നൊ തിരിച്ചറിയുവാനും ദമ്പതികളായി ജീവിക്കുന്നുവെന്ന സ്ഥാപിക്കുവാനുമുള്ള ഫോട്ടോകൾ പതിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്

vi. വിശ്വസനീയമായ മറ്റ് തെളിവുകൾ

ഫോറം 2 പൂർണ്ണമായി പൂരിപ്പിച്ച് നോട്ടറിയുടെ മുൻപാകെ പ്രതിജ്ഞ ചെയ്ത് ഒപ്പിടേണ്ടതാകുന്നു. നോട്ടറി സാക്ഷ്യപ്പെടുത്തുമ്പോൾ നോട്ടറി രജിസ്റ്ററിൽ കൂടി ഒപ്പ് വയ്ക്കേതൊണ്.

2. ഫോറം നമ്പർ 11- ൽ അവയവദാനത്തിന് അനുവാദം ലഭിക്കുവാനായി ദമ്പതികൾ സംയുക്തമായി ബന്ധപ്പെട്ട അധികാരിക്ക് (അമൃത ആശുപത്രിയുടെ മെഡിക്കൽ ഡയറക്ടർ) അപേക്ഷ നൽകണം. ഈ ഫോറത്തിൽ ദമ്പതികളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോകൾ പതിക്കണം. ഒപ്പുകൾ ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞിരിക്കണം. ഈ ഫോറം പൂർണ്ണമായി പൂരിപ്പിച്ചതിനു ശേഷം ദമ്പതികൾ ഒപ്പിടുകയും, തീയതിയും സ്ഥലവും രേഖപ്പെടുത്തുകയും വേണം.

3. ദമ്പതികളിൽ ദാതാവിന്റെ മെഡിക്കൽ പരിശോധന നടത്തിയതിനു ശേഷം ഫോറം നമ്പർ 4-ൽ സർട്ടിഫിക്കറ്റ് നൽകണം.

4. ദമ്പതികളുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിനു ശേഷം അമൃത ആശുപത്രിയുടെ ഡയറക്ടർ ഫോറം നമ്പർ 6-ൽ അവയവദാനത്തിന് അനുവാദം നൽകുന്നതാണ്.

ദമ്പതികളിൽ ദാതാവ് വിദേശിയാണെങ്കിൽ അപേക്ഷയും അനുബന്ധരേഖകളും ആലപ്പുഴ മെഡിക്കൽ കോളേജ് ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ ആതറൈസേഷൻ കമ്മിറ്റിക്ക് അനുവാദത്തിനായി അയച്ചു കൊടുക്കേണ്ടതാണ്.



## അടുത്ത ബന്ധുവല്ലാത്ത അവയവദാതാവ് ചെയ്യേണ്ട കാര്യങ്ങൾ

1. ജീവൻ രക്ഷിക്കുവാൻ അവയവം മാറ്റിവയ്ക്കേണ്ടുന്ന, എന്നാൽ അവയവദാനം ചെയ്യുവൻ അടുത്ത ബന്ധുക്കളില്ലാത്ത ഒരു രോഗിക്കു വേണ്ടി അയാളോട് സ്നേഹവും കരുണയും തോന്നുന്ന ബന്ധുവല്ലാത്ത ഒരു വ്യക്തിക്ക് തന്റെ അവയവം ദാനം ചെയ്യാവുന്നതാണ്. ഇതിനായി ഫോറം 3-ൽ അപേക്ഷിക്കണം. ഇതിൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും ഫോട്ടോകൾ പതിപ്പിക്കണം. ഈ ഫോട്ടോകൾ ഒരു നോട്ടറി പബ്ലിക്കിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം. നോട്ടറിയുടെ ഒപ്പും സീലും ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞിരിക്കണം. അപേക്ഷയിൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തണം

    i . റേഷൻ കാർഡ് നമ്പർ - അനുവദിച്ച തീയതിയും സ്ഥലവും

    ii . വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് - അനുവദിച്ച തീയതി, സ്ഥലം, നിയോജകമണ്ഡലം

    iii . പാസ്സ്പോർട്ട് - നമ്പർ, അനുവദിച്ച രാജ്യം, തീയതി

iv. ഡ്രൈവിംഗ് ലൈസൻസ്-നമ്പർ, അനുവദിച്ച തീയതി, ലൈസൻസിംഗ് ഉദ്യോഗസ്ഥൻ

v. ഇൻകം ടാക്സ് പെർമനന്റ് അക്കൗണ്ട് നമ്പർ (പാൻ കാർഡ്)

vi. ആധാർ നമ്പർ

vii. തിരിച്ചറിയുവാനുള്ള മറ്റ് ഏതെങ്കിലും രേഖ

(ഇവയിൽ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ പൂർണ്ണ വിവരങ്ങൾ പൂരിപ്പിക്കുകയും, സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പികൾ ഹാജരാക്കുകയും വേണം. ഫോറം 3 പൂർണ്ണമായി പൂരിപ്പിച്ച് ഒരു നോട്ടറിയുടെ മുൻപാകെ പ്രതിജ്ഞ ചെയ്ത് ഒപ്പിടേണ്ടതാകുന്നു. നോട്ടറി സാക്ഷ്യപ്പെടുത്തുമ്പോൾ നോട്ടറി രജിസ്റ്ററിൽ കൂടി ഒപ്പ് വയ്ക്കേണ്ടതാണ്)

2. ദാതാവിന്റെ അവയവദാന സമ്മതം നോൺ ജൂഡിഷ്യൽ മുദ്രപ്പത്രത്തിൽ (100 രൂപ) രേഖപ്പെടുത്തണം. ദാതാവിന്റെയും ഭാര്യയുടെയും (ഭർത്താവിന്റെയും) താൽക്കാലികവും സ്ഥിരവുമായ മേൽവിലാസവും രേഖപ്പെടുത്തി പാസ്പോർട്ട് സൈസ് ഫോട്ടോകളും പതിച്ച് ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം. നോട്ടറിയുടെ ഒപ്പും സീലും ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞിരിക്കണം.

3. ദാതാവിന്റെ അടുത്ത ബന്ധുവിന് അവയവദാനത്തിനെപ്പറ്റി അറിയാമെന്നും അതിന് എതിർപ്പില്ല (എതിർപ്പുണ്ട്) എന്നുമുള്ള പ്രസ്താവനയും താൽക്കാലികവും സ്ഥിരവുമായ മേൽവിലാസവും നോൺ ജുഡിഷ്യൽ മുദ്രപ്പത്രത്തിൽ (100 രൂപ) രേഖപ്പെടുത്തി) പാസ്പോർട്ട് സൈസ് ഫോട്ടോകളും പതിച്ച് ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം. നോട്ടറിയുടെ ഒപ്പും സീലും ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞിരിക്കണം. മുകളിൽ സൂചിപ്പിച്ച രേഖ വിവാഹിതനാ)ണെങ്കിൽ ഭാര്യയിൽ നിന്നുമാണ് വാങ്ങേണ്ടത് (വിവാഹിതയാണെങ്കിൽ ഭർത്താവിൽ നിന്നും). വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പു കൂടി ഹാജരാക്കണം. അവിവാഹിതൻ (അവിവാഹിത)ആണെങ്കിൽ അച്ഛന്റെയൊ അമ്മയുടെയൊ അവർ ജീവിച്ചിരിപ്പില്ലെങ്കിൽ സഹോദരങ്ങളിൽ നിന്നോ വേണം വാങ്ങേണ്ടത്. ദാതാവ് അവിവാഹിതനാണെന്ന (അവിവാഹിതയാണെന്ന) സർട്ടിഫിക്കറ്റു കൂടി ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങേണ്ടതാണ്.

4. ദാതാവിന്റെ സത്യവാങ്മൂലം: സ്വീകർത്താവിനോടുള്ള കടപ്പാടും സ്നേഹവും കൊണ്ടാണ് അവയവം ദാനം ചെയ്യുന്നതെന്നും, അതി

നായി പണമൊ മറ്റു പരിതോഷികങ്ങളൊ ആവശ്യപ്പെടുകയൊ, സ്വീകരിക്കുകയൊ ചെയ്തിട്ടില്ലെന്നും, അവയവമാറ്റനിയമമനുസരിച്ച് അപ്രകാരം ചെയ്യുന്നത് കുറ്റകരമാണെന്നും ശിക്ഷാർഹമാണെന്നും അറിയാമെന്നും പ്രതിജ്ഞ ചെയ്യണം. ഇത് വേറൊരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം.

5. ദാതാവിന്റെ കുടുംബാംഗങ്ങളെപ്പറ്റിയുള്ള വിവരണം (കുടുംബവൃക്ഷം) അടങ്ങിയ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്നും വാങ്ങണം.

6. ദാതാവ് അടുത്ത ബന്ധുവല്ലാത്ത സ്വീകർത്താവിന് അവയവദാനം ചെയ്യുന്നതിന്റെ കാരണങ്ങൾ വിശദമായി ഒരു പ്രസ്താവന രൂപത്തിൽ ആതറൈസേഷൻ കമ്മിറ്റിക്ക് സമർപ്പിക്കണം. ഈ പ്രസ്താവനയുടെ ഒരു നോട്ടറി സാക്ഷ്യപ്പെടുത്തേതാണ്.

7. ദാതാവും സ്വീകർത്താവും താമസിക്കുന്ന താലൂക്കിലെ സബ്-ഡിവിഷണൽ പോലീസ് ഉദ്യോഗസ്ഥന്മാർ നേരിട്ട് താഴെ പറയുന്ന കാര്യങ്ങളിൽ അന്വേഷണം നടത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

   എ. ദാതാവ് മുൻപ് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടില്ല

   ബി. മനുഷ്യസ്നേഹവും സഹജാവബോധം കൊണ്ടുമാണ് സ്വീകർത്താവിന് അവയവദാനം ചെയ്യുന്നത്

   സി. അവയവദാനത്തിനായി ദാതാവിന് സ്വീകർത്താവ് പണമൊ, മറ്റ് പാരിതോഷികങ്ങളൊ നൽകുകയൊ, നൽകുമെന്ന് വാഗ്ദാനമൊ ചെയ്തിട്ടില്ല.

8. ദാതാവും അടുത്ത ബന്ധുവും തമ്മിലും, ദാതാവും സ്വീകർത്താവും തമ്മിലുമുള്ള ബന്ധം സൂചിപ്പിക്കുന്ന ഫോട്ടോകൾ പതിപ്പിച്ച് റവന്യൂ അധികാരിയുടെ ഒപ്പും സീലും വച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കണം.

9. ദാതാവും സ്വീകർത്താവും ചേർന്ന് മുൻപ് എടുത്തിട്ടുള്ള ഫോട്ടോകൾ ഹാജരാക്കണം.

10. ദാതാവിന്റെയും സ്വീകർത്താവിന്റെയും അടുത്ത ബന്ധുവിന്റെയും കഴിഞ്ഞ മൂന്നു വർഷത്തെ തൊഴിലിനെയും വരുമാനത്തെയും സംബന്ധിച്ചുള്ള രേഖകൾ വില്ലേജ് ഓഫീസറിൽ നിന്നും, മൂന്നു വർഷത്തെ ബാങ്ക് അക്കൗണ്ട് പ്രസ്താവന സാക്ഷ്യപ്പെടുത്തിയത് ചാർട്ടേഡ് അക്കൗണ്ടന്റിൽ നിന്നും ലഭിക്കണം.

11. ദാതാവ് മയക്കുമരുന്നിനടിമയല്ല എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്

12. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

13. എല്ലാ കുടുംബാംഗങ്ങളുടെയും റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പികൾ

14. തൊഴിലുടമയോ, സർക്കാർ ഉദ്യോഗസ്ഥനൊ, ഇടവകയൊ, വില്ലേജ് ഓഫീസറൊ നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ്

15. പ്രായം തെളിയിക്കുന്ന രേഖ-റേഷൻകാർഡ്, ഇലക്ഷൻകാർഡ്, പാസ്പോർട്ട്, എസ്സ് എസ്സ് എൽ സി ബുക്കിന്റെ ഒന്നാം പേജ് എന്നിവയിൽ ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

16. ദാതാവിന്റെ സ്ഥിരമായ മേൽവിലാസം ബോധ്യപ്പെടുത്തുന്ന, എം എൽ എ, എം പി എന്നിവരിൽ ആരുടെയെങ്കിലും ഒപ്പും സീലുമുള്ള കത്ത്;

17. ദാതാവിനെ തിരിച്ചറിയുവാനായി ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. അതിൽ ഡോക്ടർ ദാതാവിന്റെ ശരീരത്തിൽ അനാവൃതമായ ഭാഗങ്ങളിലുള്ള രണ്ട് അടയാളങ്ങളുടെ വിവരണം രേഖപ്പെടുത്തുകയും ദാതാവിന്റെ ഫോട്ടോ പതിച്ച് അതിൽ ഭാഗികമായി ഡോക്ടറുടെ ഒപ്പും സീലും പതിപ്പിച്ച് സാക്ഷ്യപ്പെടുത്തണം

18. അവയവമാറ്റ ശസ്ത്രക്രിയയുടെ പ്രയോജനങ്ങൾ. വിപരീതഫലങ്ങൾ, എന്നിവ മനസ്സിലാക്കിയതിനു ശേഷം ദാതാവും സ്വീകർത്താവും സ്വമനസ്സാലെ നൽകുന്ന സമ്മതദാന പത്രം

19. അവയവദാനം അംഗീകരിക്കുവാനായി ആതറൈസേഷൻ കമ്മിറ്റി ചെയർമാന് ദാതാവ് നൽകുന്ന അപേക്ഷ

20. ദാതാവിനെ അമൃതാ ആശുപത്രിയിലെ അഞ്ച് (സ്ത്രീയാണെങ്കിൽ ആറ്) വകുപ്പുകളിൽ മെഡിക്കൽ പരിശോധന നടത്തിയതിന്റെ രേഖകളുടെ പകർപ്പ്.

21. ഫോം നമ്പർ 11 - അവയവദാനത്തിന് അനുവാദം ലഭിക്കുവാനായി ദാതാവും സ്വീകർത്താവും സംയുക്തമായി ബന്ധപ്പെട്ട ആതറൈസേഷൻ കമ്മിറ്റിക്ക് നൽകുന്ന അപേക്ഷയാണ്. ഈ ഫോറത്തിൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോകൾ പതിപ്പിക്കണം. ഒപ്പുകൾ ഭാഗികമായി ഫോട്ടോകളിൽ പതിഞ്ഞിരിക്കണം. ഈ ഫോറം പൂരിപ്പിച്ചതിനു ശേഷം ദാതാവും സ്വീകർത്താവും ഒപ്പിടുകയും, തീയതിയും സ്ഥലവും രേഖപ്പെടുത്തുകയും വേണം.

## ദാതാവ് അടുത്ത ബന്ധുവല്ലെങ്കിൽ സ്വീകർത്താവ് നൽകേണ്ട രേഖകൾ

1. ആതറൈസേഷൻ കമ്മിറ്റിക്ക് അവയവദാനവും അവയവമാറ്റവും അംഗീകരിക്കുവാനായി അപേക്ഷ നൽകണം. ഈ അപേക്ഷയിൽ താൽക്കാലികവും സ്ഥിരവുമായ മേൽവിലാസം പോസ്റ്റൽ പിൻ കോഡ് നമ്പർ സഹിതം ഉൾക്കൊള്ളിക്കണം

2. ദാതാവും സ്വീകർത്താവും അവയവദാനവും അവയവമാറ്റവും അംഗീകരിക്കുവാനായി സംയുക്തമായി ആതറൈസേഷൻ കമ്മിറ്റിക്ക് അപേക്ഷ നൽകണം

3. സ്വീകർത്താവിന്റെ അച്ഛൻ, അമ്മ, സഹോദരങ്ങൾ, ഭാര്യ, (ഭർത്താവ്), മക്കൾ എന്നിവരെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ (കുടുംബവൃക്ഷം) അടങ്ങിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും വാങ്ങി സമർപ്പിക്കണം.



4. അവയവദാനത്തിന് അടുത്ത ബന്ധുക്കൾ യോഗ്യരല്ലാത്തതിന്റെ കാരണം കാണിക്കുന്ന രേഖകൾ - അടുത്ത ബന്ധുക്കളുടെ പ്രായം, രക്തഗ്രൂപ്പ് എന്നിവയെക്കുറിച്ച് ഒരു സർക്കാർ ഡോക്ടറിൽ നിന്നൊ, അവയവമാറ്റശസ്ത്രക്രിയ നടത്തുന്ന ഡോക്ടർമാരിൽ നിന്നൊ ലഭിച്ച സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. ടി സർട്ടിഫിക്കറ്റുകളിൽ പരിശോധനയ്ക്ക് വിധേയരായവരുടെ ഒപ്പും തിരിച്ചറിയൽ അടയാളങ്ങളും ഉണ്ടായിരിക്കണം. ദാതാവിന്റെ ഡോക്ടറുടെ രജിസ്ട്രേഷൻ നമ്പറും ടെലിഫോൺ നമ്പറും സർട്ടിഫിക്കറ്റിൽ ഉൾക്കൊള്ളിക്കണം.

5. എല്ലാ കുടുംബാംഗങ്ങളുടെയും റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പികൾ

6. സ്വീകർത്താവിന്റെ വരുമാന സർട്ടിഫിക്കറ്റ്- വില്ലേജ് ഓഫീസറിൽ നിന്നും.

7. സ്വീകർത്താവ് വിവാഹിതനാണെങ്കിൽ (വിവാഹിതയാണെങ്കിൽ) വിവാഹരജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

8. അമൃതാ ആശുപത്രിയിലെ അഞ്ച് (സ്ത്രീയാണെങ്കിൽ ആറ്) വകുപ്പുകളിലെ ഡോക്ടർമാർ മെഡിക്കൽ പരിശോധന നടത്തിയതിന്റെ രേഖകൾ.

9. അവയവദാനത്തിനായി ദാതാവിന് പണമൊ മറ്റു പരിതോഷികങ്ങളൊ നൽകുകയൊ, നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടില്ലെന്നും, 2011 - ലെ അവയവമാറ്റനിയമമനുസരിച്ച് അപ്രകാരം ചെയ്യുന്നത് കുറ്റകരമാ

ണെന്നും ശിക്ഷാർഹമാണെന്നും അറിയാമെന്നും പ്രതിജ്ഞ ചെയ്യണം. ഇത് ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തണം.

10. ദാതാവിനെ തിരിച്ചറിയുവാനായി ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. അതിൽ ഡോക്ടർ ദാതാവിന്റെ ശരീരത്തിൽ അനാവൃതമായ ഭാഗങ്ങളിലുള്ള രണ്ട് അടയാളങ്ങളുടെ വിവരണം രേഖപ്പെടുത്തുകയും ദാതാവിന്റെ ഫോട്ടോ പതിച്ച് അതിൽ ഭാഗികമായി ഡോക്ടറുടെ ഒപ്പും സീലും പതിപ്പിച്ച് സാക്ഷ്യപ്പെടുത്തണം

11. സ്വീകർത്താവിനു വേണ്ടിയും പകരവുമായി ആതറൈസേഷൻ കമ്മിറ്റിയുടെ മുൻപാകെ ഹാജരാകുവാൻ ഒരു പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യണം. അതിനായി സമർപ്പിക്കുന്ന അപേക്ഷയിൽ പ്രതിനിധിയുടെ ഫോട്ടോ പതിച്ച് അയാളുടെ ഒപ്പിടുവിക്കണം. അത് അമൃതാ ആശുപത്രിയിലെ ബന്ധപ്പെട്ട ഡോക്ടറെക്കൊണ്ടും സാക്ഷ്യപ്പെടുത്തണം. പ്രതിനിധി സ്വീകർത്താവിന്റെ അടുത്ത ബന്ധുക്കളിൽ ഒരാളായിരിക്കണം

12. സ്വീകർത്താവും പ്രതിനിധിയും അടുത്ത ബന്ധുക്കളാണെന്ന് തെളിയിക്കുവാൻ അവരുടെ ഫോട്ടോകൾ പതിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് റവന്യൂ അധികാരിയിൽ നിന്നും വാങ്ങണം.

13. സ്വീകർത്താവിന്റെയും അടുത്ത ബന്ധുവിന്റെയും ദാതാവിന്റെയും ഇലക്ഷൻ കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

14. സ്വീകർത്താവ് സ്ഥിരമായി താമസിക്കുന്ന താലൂക്കിലെ റവന്യൂ അധികാരികളിൽ നിന്നും സ്വീകർത്താവിന്റെ ഫോട്ടോ പതിച്ച് സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ സർട്ടിഫിക്കറ്റ്.

15. സ്വീകർത്താവിനെക്കുറിച്ചും അയാളുടെ വാസസ്ഥലത്തെക്കുറിച്ചും സ്ഥലം എം എൽ എ അല്ലെങ്കിൽ എം പി യുടെ സർട്ടിഫിക്കറ്റ്

## അമൃതാ ആശുപത്രി അധികൃതർ നൽകേണ്ട രേഖകൾ

1. അവയവദാനം അംഗീകരിക്കുന്നതിനും, അവയവമാറ്റശസ്ത്രക്രിയ നടത്തുന്നതിനുമായി അമൃതാ ആശുപത്രി മെഡിക്കൽ ഡയറക്ടർ ആതറൈസേഷൻ കമ്മിറ്റിക്ക് ഔപചാരികമായി നൽകുന്ന അപേക്ഷ

2. അവയവദാനം അംഗീകരിക്കുന്നതിനായി അമൃതാ ആശുപത്രിയിലെ ട്രാൻസ്പ്ലാന്റേഷൻ കമ്മിറ്റിയുടെ ചെയർമാൻ ആതറൈസേഷൻ കമ്മിറ്റിക്ക് ഔപചാരികമായി നൽകുന്ന അപേക്ഷ.

3. അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സർജൻ ആതറൈസേഷൻ കമ്മിറ്റിക്ക് ഔപചാരികമായി നൽകുന്ന അപേക്ഷ.

4. അമൃതാ ആശുപത്രിയ്ക്ക് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള ലൈസൻസ്.

5. ഡോക്ടറുടെ സർട്ടിഫിക്കറ്റ്- ഫോറം നമ്പർ 4

## പകരത്തിനു പകരമായുള്ള അവയവദാനം (സ്വാപ് ഡൊണേഷൻ)

'എ' എന്ന വ്യക്തിയുടെ അവയവം അയാളുടെ അടുത്ത ബന്ധുവായ 'ബി' ക്ക് യോജിക്കുന്നില്ല. 'സി' എന്ന വ്യക്തിയുടെ അവയവം അയാളുടെ അടുത്ത ബന്ധുവായ 'ഡി' ക്ക് യോജിക്കുന്നില്ല. എന്നാൽ 'എ' യുടെ അവയവം 'ഡി' ക്കും 'സി' യുടെ അവയവം 'ബി' ക്കും യോജിക്കുന്നുവെങ്കിൽ അവർ തമ്മിൽ പകരത്തിനു പകരമായി അവയവ ദാനം നടത്താവുന്നതാണ്.

പകരത്തിനു പകരം അവയവദാനം നടത്തുമ്പോൾ, അടുത്ത ബന്ധുക്കൾ തമ്മിലുള്ള അവയവദാനത്തിൽ സമർപ്പിക്കേണ്ട എല്ലാ രേഖകളും ഹാജരാക്കേതാണ്.



## അടുത്ത ബന്ധുവല്ലാത്ത ദാതാവോ, സ്വീകർത്താവോ അന്യസംസ്ഥാനക്കാരനാണെങ്കിൽ

ഇപ്രകാരമുള്ള ദാതാവിന്റെയൊ സ്വീകർത്താവിന്റെയൊ നിയമപരമായ താമസസ്ഥലത്തിന്റെ വിവരങ്ങൾ **ഫോറം നമ്പർ 20**-ൽ തഹസീൽദാറോ മറ്റേതെങ്കിലും റവന്യൂ ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

## ദാതാവും, സ്വീകർത്താവും വിദേശികളാണെങ്കിൽ

അന്യരാജ്യക്കാരായ ദാതാവും സ്വീകർത്താവും അടുത്ത ബന്ധുക്കളാണെങ്കിൽ അവയവദാനവും മാറ്റവും ഇവിടെ നടത്താവുന്നതാണ്. ഇവർ തമ്മിലുള്ള ബന്ധത്തിന്റെ സാക്ഷിപത്രം ഇരുവരുടെയും രാജ്യത്തിന്റെ എംബസിയിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ **ഫോറം നമ്പർ 21**-ൽ നൽകേണ്ടതാണ്. ആ രാജ്യത്തിന് ഇന്ത്യയിൽ എംബസിയില്ലെങ്കിൽ ആ രാജ്യത്തിന്റെ ഗവൺമെന്റിൽ നിന്നും സാക്ഷിപത്രം വാങ്ങണം.

ദാതാവ് സ്ത്രീയാണെങ്കിൽ സ്വീകർത്താവല്ലാത്ത വേറൊരാളായിരിക്കണം അവരുടെ തിരിച്ചറിയലും സമ്മതവും സാക്ഷ്യപ്പെടുത്തേണ്ടത്. താമസസ്ഥലത്തിനെക്കുറിച്ചും അച്ഛനമ്മമാരെക്കുറിച്ചുമുള്ള രേഖകൾ ഫോട്ടോകൾ പതിച്ച് സാക്ഷ്യപ്പെടുത്തിയവ ആയിരിക്കണം.

ദമ്പതികളിൽ ദാതാവ് വിദേശിയാണെങ്കിൽ ആശുപത്രിയുടെ മേധാവി **ഫോറം നമ്പർ 6**-ൽസാക്ഷ്യപ്പെടുത്തേണ്ടതും ആലപ്പുഴ മെഡിക്കൽ കോളേജ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആതറൈസേഷൻ കമ്മിറ്റിയുടെ അനുവാദത്തിനായി രേഖകൾ അയച്ചുകൊടുക്കേണ്ടതുമാണ്.

Give thanks. Give life.

## ദാതാവ് ഇന്ത്യാക്കാരനും സ്വീകർത്താവ് വിദേശിയുമാണെങ്കിൽ

ഇപ്രകാരമുള്ള അവയവദാനം അനുവദനീയമല്ല

### അമൃതാ ആശുപത്രിയിൽ അവയവങ്ങൾ എടുക്കുന്നതും വച്ചു പിടിപ്പിക്കുന്നതുമായ ചികിത്സയും ശസ്ത്രക്രിയയും ചെയ്യുന്ന ഡോക്ടർമാർ:

1. കരൾ മാറ്റ ശസ്ത്രക്രിയ - ഡോ. സുധീന്ദ്രൻ
2. വൃക്ക ,, - ഡോ. ജോർജ് കുര്യൻ
3. മജ്ജ ,, - ഡോ. നീരജ് സിദ്ധാർത്ഥ്

## അവയവ ദാനവുമായി ബന്ധപ്പെട്ട കുററകൃത്യങ്ങളും അവയ്ക്കുള്ള ശിക്ഷയും

1. ഒരു ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്നയാൾ അനുവാദമില്ലാതെ ഏതെങ്കിലും മനുഷ്യാവയവം നീക്കം ചെയ്യുകയോ, ചെയ്യുവാൻ സഹായിക്കുകയോ ചെയ്താൽ അയാൾക്ക് പത്തു വർഷം വരെയുള്ള തടവു ശിക്ഷയും ഇരുപത് ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്നതാണ്.

2. ഇപ്രകാരം ചെയ്യുന്നത് ഒരു രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർ ആണെങ്കിൽ അയാളുടെ രജിസ്ട്രേഷൻ, ആദ്യമായി ചെയ്യുന്ന കുറ്റമാണെങ്കിൽ മൂന്ന് വർഷത്തേക്കും, വീണ്ടും ആവർത്തിച്ചാൽ സ്ഥിരമായും റദ്ദു ചെയ്യുന്നതാണ്.

3. ഒരു ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്നയാൾ അനുവാദമില്ലാതെ ഏതെങ്കിലും മനുഷ്യ കല (ടിഷ്യു) നീക്കം ചെയ്യുകയോ, ചെയ്യുവാൻ സഹായിക്കുകയൊ ചെയ്താൽ അയാൾക്ക് മൂന്ന് വർഷം വരെയുള്ള തടവുശിക്ഷയും അഞ്ച് ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്നതാണ്.

4. മനുഷ്യാവയവങ്ങൾ വാങ്ങുന്നതും, വിൽക്കുന്നതും, അതിനു വേണ്ടി പരസ്യപ്പെടുത്തുന്നതു ഇടനിലക്കാരനായി പ്രവർത്തിക്കുന്നതുമെല്ലാം കുറ്റകരമാണ്. അഞ്ച് മുതൽ പത്ത് വർഷം വരെ തടവും ഇരുപത് ലക്ഷം മുതൽ ഒരു കോടി വരെ പിഴയും ലഭിക്കാവുന്നതാണ്.

5. മനുഷ്യ കലകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട കുറ്റമാണെങ്കിൽ മൂന്ന് വർഷം വരെയുള്ള തടവും അഞ്ചു മുതൽ ഇരുപത്തിഅഞ്ച് ലക്ഷം വരെ പിഴയും ലഭിക്കാവുന്നതാണ്.

6. ഈ നിയമത്തിന്റെയൊ ചട്ടങ്ങളുടെയൊ ഏതെങ്കിലും വകുപ്പുകൾ ലംഘിക്കുകയാണെങ്കിൽ അഞ്ച് വർഷത്തിൽ കുറയാത്ത ശിക്ഷയും ഇരുപതു ലക്ഷത്തിൽ കുറയാത്ത പിഴയും ലഭിക്കുന്നതാണ്.



**അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്**
**ട്രാൻസ്പ്ലാന്റ് കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്**

തയ്യാറാക്കിയത് : **ഡോ. ബി ഉമാദത്തൻ**, ചെയർമാൻ, ട്രാൻസ്പ്ലാന്റ് കമ്മിറ്റി ©

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തികൾ:

1. ശ്രീ. വി.ജി. പ്രസാദ് (ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ) - ടെലി : 9400998118
2. ശ്രീ. ദീപക് (ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ) - ടെലി : 9400998120
3. കുമാരി ശ്രുതി (ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ) - ടെലി : 9400998074

Institutional Transplant Committee, AIMS-Ponekkara, Kochi-682 041.